ഡി.ജി.പി. ഉൾപ്പെടെ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. കേസ് അന്വേഷണത്തിന് ഇതിനോടകം തന്നെ എഎസ്പി-യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സംഘത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. വിരലടയാള വിദഗ്ദ്ധരും സയന്റിഫിക് അസിസ്റ്റന്റും സൈബർസെൽ ഉദ്യോഗസ്ഥരും സംഭവസ്ഥലം സന്ദർശിച്ച് തെളിവെടുപ്പ് നടത്തുകയും ഡോഗ് സ്ക്വാഡിന്റെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്ഥിരം കുറ്റവാളികളുടെയും സമാന കുറ്റകൃത്യങ്ങൾ ചെയ്യുന്നവരുടെയും മുമ്പ് ശിക്ഷിക്കപ്പെട്ടിട്ടുള്ള കുറ്റവാളികളുടെയും വിവരങ്ങൾ ശേഖരിച്ച് പരിശോധിച്ച് വരികയാണ്. മോഷ്ടിക്കപ്പെട്ട വസ്തുക്കളുടെ വിവരവും ഫോട്ടോഗ്രാഫുകളും ചേർത്ത് ക്രൈം മെമ്മോകൾ മറ്റ് പോലീസ് സ്റ്റേഷനുകളിലേയ്ക്കും ഡി.സി.ആർ.ബി.-യിലേയ്ക്കും അയച്ചും അന്വേഷണ സംഘത്തെ അയൽ സംസ്ഥാനങ്ങളിലേക്ക് അയച്ചും സമഗ്രമായ അന്വേഷണം നടത്തിവരികയാണ്. കൃത്യം നടന്ന സ്ഥലത്ത് നിന്ന് ലഭിച്ച തെളിവിന്റെ അടിസ്ഥാനത്തിൽ ഈ കേസിൽ സംശയിക്കപ്പെടുന്നവരുടെ ഫോട്ടോ പത്രത്തിൽ പരസ്യം ചെയ്യുകയും ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള ശ്രമങ്ങൾ പ്രത്യേക അന്വേഷണ സംഘം ഊർജ്ജിതമായി നടത്തിവരികയാണ്. കേസിന്റെ അന്വേഷണ പുരോഗതി ദിവസവും വിലയിരുത്തുന്നതിനുവേണ്ടി തൃശ്ശൂർ ഐ.ജി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡി.ജി.പി. ഉൾപ്പെടെയുള്ളവർ ഈ കേസിനാവശ്യമായ പരിശോധന നടത്തിവരികയാണ്. പ്രതിയെ പിടികൂടുന്നതിനുള്ള എല്ലാ നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കും. ബഹുമാനപ്പെട്ട അംഗത്തിനും കേസിന്റെ പുരോഗതിയൊക്കെ അറിയാവുന്നതാണ്. ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ചെയ്യുന്നതാണ്.

(4) ഷിജാദിന്റെ മരണം

ശ്രീ. കെ. രാജു : സർ, കൊല്ലം ജില്ലയിൽ തെന്മല ഗ്രാമ പഞ്ചായത്തിലെ യു.ഡി. ക്ലാർക്കായിരുന്ന ഷിജാദ് ജോലി കഴിഞ്ഞ് കുളത്തൂപ്പുഴയുള്ള തന്റെ വീട്ടിലേയ്ക്ക് ബൈക്കിൽ സഞ്ചരിച്ചുവരുന്ന വഴിക്ക് ആക്രമികളാൽ കൊല ചെയ്യപ്പെട്ടു. ഷിജാദിന്റെ മൃതദേഹം പരിശോധിച്ചപ്പോൾ ആഴമേറിയ പരിക്കുകളും മറ്റും ധാരാളമുണ്ടായിരുന്നു. അദ്ദേഹം ബൈക്കിലാണ് ജോലി കഴിഞ്ഞ് വീട്ടിലേയ്ക്ക് പോയത്. പ്രതികൾ ആരെന്ന് യാതൊരു തുമ്പും ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ബൈക്കും ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ 27-ാം തീയതിയായിരുന്നു സംഭവം. കൊല്ലം ചെങ്കോട്ട റോഡ് സൈഡിലുള്ള കൊക്കയിലാണ് ഷിജാദിന്റെ ബോഡി കിടന്നത്. അവിടെ ആർ.പി.എൽ. എസ്റ്റേറ്റിന്റെ വക റബ്ബർ തോട്ടവും റോഡിന്റെ ഒരു സൈഡിൽ ഫോറസ്റ്റുമാണ്. മൃതദേഹം കണ്ട സമയം മുതൽ ലോക്കൽ പോലീസ് കാര്യമായ അന്വേഷണം ആരംഭിച്ചു. എന്നാൽ നാളിതുവരെ പ്രതികളെയോ ബൈക്കോ സംഭവസമയം ധരിച്ചിരുന്ന ഹെൽമെറ്റോ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽ വേണ്ടത്ര പുരോഗതി ഇല്ലാത്ത സാഹചര്യത്തിൽ കുറച്ചുകൂടി ശാസ്ത്രീയമായ നിലയിൽ അന്വേഷണം നടത്തുന്നതിനും തൊട്ടടുത്ത് തമിഴ്നാട് അടക്കമുള്ള പ്രദേശങ്ങളിലേക്കുംകൂടി അന്വേഷണം വ്യാപിപ്പിക്കാനും തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. രാജു ഉന്നയിച്ച പ്രശ്നം പോലീസ് വകുപ്പ് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്ന ഒരു കേസാണ്. 27-11-2010-ന് ഷിജാറ് കൊലചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. കൊല്ലം ജില്ലാ പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ പുനലൂർ ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിലുള്ള ഒരു പ്രത്യേക അന്വേഷണ സംഘമാണ് ഇപ്പോൾ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നത്. തിരുവനന്തപുരം റെയിഞ്ച് ഐജി. സംഭവസ്ഥലം സന്ദർശിക്കുകയും അന്വേഷണം ശാസ്ത്രീയമായ നിലയിൽ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെയുള്ള നടപടികളൊക്കെ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അന്വേഷണം ഊർജ്ജിതപ്പെടുത്തിക്കൊണ്ട് പ്രതികളെ പിടികൂടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. തടസ്സങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ കേസ് മറ്റ് ഏജൻസിയെ ഏൽപ്പിക്കുന്നതിനെ സംബന്ധിച്ചും ഗവൺമെന്റ് ആലോചിക്കുന്നതാണ്.

(5) ആറളം ഫാമിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ആറളം ഫാം സംസ്ഥാന ഗവൺമെന്റിന് വിട്ടു കിട്ടിയതിനുശേഷം ആ ഫാമിന് ശാപമോക്ഷം കിട്ടുന്ന ഒരു അവസ്ഥ ഇപ്പോൾ ഉണ്ടാകുന്നുണ്ട്. വളരെ നാശോന്മുഖമായിരുന്നു അത്. അങ്ങയുടെ നേതൃത്വത്തിൽ അവിടെ ഒരു ഫാം കോർപ്പറേഷൻ രൂപീകരിക്കുകയും അതിന്റെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഫാമിന് പ്രത്യേകിച്ച് ഒരു ലോഗോ അതുപോലെ പ്ലാന്റ് ഒക്കെ ഉണ്ടാക്കിക്കൊണ്ട്. ഇപ്പോൾ ആളുകൾക്ക് വളരെ പ്രതീക്ഷയുണ്ടായിട്ടുണ്ട്. ആ ഫാമിനകത്ത് ആദിവാസി വിഭാഗത്തിന്റെ റീഹാബിലിറ്റേഷൻ, ഇതിന്റെ പകുതി ഭാഗമാണ് ഫാമായിട്ട് നിലനിർത്തുന്നത്. ഫാമിനകത്ത് 250 ആദിവാസികളെ പുതിയതായിട്ട് ജോലിക്ക് നിശ്ചയിച്ച് അവർക്ക് സൗജന്യമായി ഉച്ചക്ഷേണം കൊടുക്കുന്ന ഒരു പദ്ധതിയുണ്ട്. പക്ഷേ അവിടുത്തെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥ വളരെ പഴയ കാലത്തുള്ളതുതന്നെയാണ്. വളരെ തുച്ഛമായിട്ടുള്ള കൂലി മാത്രമാണ് അവർക്ക് കിട്ടുന്നത്. ഇക്കാര്യം അവർ നിരന്തരമായി ആവശ്യപ്പെടുകയാണ്. അവിടത്തെ യൂണിയന്റെ നേതൃത്വത്തിൽ ശ്രീ. പി. ജയരാജൻ, എം.എൽ.എ. അടക്കമുള്ള യൂണിയൻ നേതാക്കൾ ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അവരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ട് കേരളത്തിലെ മറ്റ് ഫാമുകളിൽ ലഭ്യമാകുന്ന സേവന വേതന വ്യവസ്ഥകൾ ആറളം ഫാമിലെ തൊഴിലാളികൾക്കും അടിയന്തരമായി ലഭ്യമാക്കണം. അതുപോലെ ഗവൺമെന്റ് ഉത്തരവ് നടപ്പാക്കാൻ കാലതാമസമുണ്ടാകുന്നതിന്റെ വിഷമത അവിടെ ഇപ്പോൾ അനുഭവിക്കുകയാണ്. അത് ഒഴിവാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly